**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

<u>പരിപത്രം</u>

സർക്കുലർ നം. 59/2023/ധന                                    തീയതി, തിരുവനന്തപുരം, 21/06/2023

വിഷയം :- പ്രാദേശിക സർക്കാരുകൾ 'സാംഖ്യ' വഴി ട്രഷറിയിലേക്ക് അയയ്ക്കുന്ന ബില്ലുകളിലെ അക്കൗണ്ട് വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതും എൽ.ജി.ടി.എസ്.ബി അക്കൗണ്ടുകളിൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതും സംബന്ധിച്ച്.

സൂചന :- 1. 17/06/2016-ലെ സ.ഉ.(അ)നം.86/2016/ധന ഉത്തരവ്.
2. 21/03/2015-ലെ സ.ഉ.(അ)നം.119/2015/ധന ഉത്തരവ്.

'സാംഖ്യ' വഴി ട്രഷറിയിലേക്ക് അയയ്ക്കുന്ന ബില്ലുകൾ മാറി പണം ഗുണഭോക്താവിന്റെ/ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് വിവിധ കാരണങ്ങളാൽ വരവ് വയ്ക്കാതിരിക്കുകയും, ടി അക്കൗണ്ടിലെ അപാകത നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കാതിരിക്കുകയും ചെയ്യുന്നത് മൂലം ബിൽ തുക സോഴ്സ് ഹെഡിലേക്ക് തിരികെ പോകുകയും ആയത് പുനരനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് നിരവധി പ്രാദേശിക സർക്കാരുകൾ സർക്കാരിനെ സമീപിക്കുന്നുണ്ട്. കൂടാതെ, പൊതു ആവശ്യ ഫണ്ട് അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള തുക പ്രാദേശിക സർക്കാരുകൾ അതാതു സാമ്പത്തിക വർഷം അവരുടെ എൽ.ജി.ടി.എസ്.ബി അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതിരിക്കുകയും ആയത് പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിൽ പുനരനുവദിക്കണമെന്നും അഭ്യർത്ഥിച്ചും സർക്കാരിന് നിരവധി നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

i) പ്രാദേശിക സർക്കാരുകൾക്ക് ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന പൊതു ആവശ്യ ഫണ്ട് തുക അതാത് സാമ്പത്തിക വർഷം തന്നെ എൽ.ജി.ടി.എസ്.ബി അക്കൗണ്ടിലേക്ക് (LGTSB Account) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ഇത് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിക്കും ആയിരിക്കും.

ii) പ്രാദേശിക സർക്കാരുകൾ 'സാംഖ്യ' വഴി ട്രഷറിയിലേക്ക് അയയ്ക്കുന്ന ബില്ലുകളിൽ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ് (IFS code) എന്നിവ തെറ്റായി രേഖപ്പെടുത്തിയതിനാലോ, ബാങ്ക് അക്കൗണ്ട് പ്രവർത്തനരഹിതമായതിനാലോ, മറ്റെന്തെങ്കിലും കാരണത്താലോ തുക ഗുണഭോക്താവിന്റെ/ബന്ധപ്പെട്ടവരുടെ

അക്കൗണ്ടിലേക്ക് കണക്കു വയ്ക്കാതെ വരുമ്പോൾ ടി വിവരം ഒരു ഓട്ടോമാറ്റിക് അലേർട്ട് സന്ദേശമായി ഡി.ഡി.ഒ-യുടെയും ഗുണഭോക്താവിന്റെയും മൊബൈലിൽ ലഭിക്കുന്നതാണ്. ഇതേ തുടർന്ന്, സൂചന (1) ഉത്തരവ് പ്രകാരം തുക തിരികെ പോയ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഡി.ഡി.ഒ. ആവശ്യമായ വിവരങ്ങൾ ഗുണഭോക്താവിൽ നിന്നും ശേഖരിച്ച്, അക്കൗണ്ടിൽ തിരുത്തലുകൾ വരുത്തി, 'bank/beneficiary account correction' എന്ന മെനുവിൽ പേയ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ വീണ്ടും സ്വീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയായ 30 ദിവസത്തിനുള്ളിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കണക്കു വയ്ക്കപ്പെടുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കുന്നു എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

3. മേൽ നിർദേശങ്ങൾ എല്ലാ പ്രാദേശിക സർക്കാരുകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

**കെ. മുഹമ്മദ് വൈ. സഫിറുള്ള**

**ധനകാര്യ റിസോഴ്സസ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ഡയറക്ടർ(അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
എല്ലാ പ്രാദേശിക സർക്കാരുകൾക്കും.
തദ്ദേശ സ്വയം ഭരണ (എഫ് .എം) വകുപ്പ് .
നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ് (www.finance.kerala .gov.in)
ധനകാര്യ (ബി.ഡബ്ളിയു-ജെ /ഡെവലപ് .വിംഗ്/എസ്.എസ്/എസ്.എൽ) വകുപ്പ് .
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (ഇ-2471708)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ